**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2299**
**07.02.2019 ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം : ശ്രീ.പി.കെ.ബഷീർ എം.എൽ.എ | ഉത്തരം : ഡോ.തോമസ് ഐസക്ക് (ബഹു.ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|

| | | |
|---|---|---|
| എ | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഏർപ്പെടുത്തിയപങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ.സതീഷ് ചന്ദ്രബാബു ചെയർമാനും; ശ്രീ.പി.മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്), പ്രൊഫ.ഡി.നാരായണ (ജി.ഐ.എഫ്.റ്റി ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 07.11.2018-ലെ സ.ഉ(പി) നം. 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി | പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ: | |
| സി | ഈ സർക്കാർ കാലയളവിൽ ഏതെങ്കിലും മേഖലകളിൽ പുതുതായി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | ഈ സർക്കാർ നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് പുതുതായി 5 സ്ഥാപനങ്ങളിൽ കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കേരള കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്<br>2) കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ<br>3) കണ്ണൂർ സർവ്വകലാശാല<br>4) ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി<br>5) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |

| | | |
|---|---|---|
| ഡി | സർക്കാർ ജീവനക്കാരുടെ വിഹിതമായി ഈ പദ്ധതിയിൽ ഇതുവരെ എത്ര തുക നിക്ഷേപിച്ചുവെന്നും സർക്കാർ വിഹിതമായി ഈ പദ്ധതിയിലേയ്ക്ക് അടയ്ക്കേണ്ട മാസവിഹിതം എത്രയാണെന്നും അറിയിക്കുമോ; പദ്ധതി ആരംഭിച്ച 2013 - ൽ പ്രതിമാസം അടയ്ക്കേണ്ടിയിരുന്ന സർക്കാർ വിഹിതം എത്രയായിരുന്നുവെന്ന് അറിയിക്കാമോ; | എൻ.എസ്.ഡി.എൽ ലഭ്യമാക്കിയ ഏറ്റവും പുതിയ കണക്കനുസരിച്ച് 2018 ഡിസംബർ 31 വരെ ജീവനക്കാരുടെ വിഹിതമായി 643.86 കോടി രൂപയും തത്തുല്യ സർക്കാർ വിഹിതമായ 643.86 കോടി രൂപയും ഉൾപ്പടെ ആകെ 1287.72 കോടി രൂപയാണ് പദ്ധതി പ്രകാരം അടവാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് 1/04/2013 മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും വിഹിതം അടയ്ക്കുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങളെല്ലാം പരിഹരിച്ച് 2014 ഫെബ്രുവരി മുതലാണ് പ്രതിമാസ വിഹിതം അടവാക്കി തുടങ്ങിയത്. ആയത് പ്രകാരം 2014 ഫെബ്രുവരിയിൽ 1.22 ലക്ഷം രൂപയാണ് പദ്ധതിയിലേയ്ക്ക് അടവാക്കിയിരുന്നത്. 2013 ഏപ്രിൽ മുതൽ 2014 ഫെബ്രുവരി വരെയുള്ള വിഹിതം പിന്നീട് തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യവും ജീവനക്കാർക്ക് ലഭ്യമാക്കിയിരുന്നു. |
| ഇ | പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ കേന്ദ്ര സർക്കാരും മറ്റ് ഇതര സംസ്ഥാന സർക്കാരുകളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; അവയിൽ ഏതെല്ലാമാണ് പങ്കാളിത്ത പെൻഷൻ വാങ്ങുന്ന സംസ്ഥാന ജീവനക്കാർക്ക് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് കുടുംബ പെൻഷനും, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായവർക്ക് ഡി.സി.ആർ.ജി യും അനുവദിച്ച് കേന്ദ്ര സർക്കാരും ഇതര സംസ്ഥാന സർക്കാരുകളും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% - ന് തുല്യമായ തുക ആശ്വാസ ധന സഹായമായി അനുവദിച്ചുകൊണ്ട് ഇതിനോടകം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുകയെന്നതാണ് |
| എഫ് | കേന്ദ്ര സർക്കാരും മറ്റ് ഇതര സംസ്ഥാന സർക്കാരുകളും നൽകുന്ന രീതിയിൽ ഡി.സി.ആർ.ജി. അടക്കമുള്ള മറ്റ് പെൻഷൻ ആനുകൂല്യങ്ങളും പങ്കാളിത്ത പെൻഷൻ വാങ്ങുന്ന സംസ്ഥാന ജീവനക്കാർക്ക് കൂടി അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | സർക്കാരിന്റെ പ്രഖ്യാപിത നിലപാട് എന്നതിനാൽ ആയതിലേയ്ക്കായി റിട്ട. ജില്ലാ ജഡ്ജി ശ്രീ.സതീഷ് ചന്ദ്രബാബു ചെയർമാനും; ശ്രീ.പി.മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്), പ്രൊഫ.ഡി.നാരായണ (ജി.ഐ.എഫ്.റ്റി ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 07.11.2018-ലെ സ.ഉ(പി) നം. 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിഷയങ്ങളിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ